**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6215** **09-11-2021 - ൽ മറുപടിയ്ക്ക്**

**തിയേറ്റർ ഉടമകൾക്ക് നികുതി ഇളവുകൾ അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തിയേറ്റർ അടഞ്ഞ് കിടക്കുന്നതുമൂലം ഉടമകൾക്കും ഇതുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവർക്കും പ്രയാസങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കോവിഡ് പ്രതിസന്ധിമൂലം സാമ്പത്തിക നഷ്ടം നേരിട്ട തിയേറ്റർ ഉടമകൾക്ക് ഏതെങ്കിലും തരത്തിലുള്ള നികുതി ഇളവുകൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | നികുതി ഇളവുകളും മറ്റും നൽകിയിട്ടുണ്ട്. സിനിമാ തിയേറ്ററുകൾ കോവിഡ് പ്രതിരോധ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് പരമാവധി 50% പ്രേക്ഷകരെ പ്രവേശിപ്പിച്ച് 25.10.2021 മുതൽ തുറന്നു പ്രവർത്തിപ്പിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സിനിമാ തിയേറ്ററുകൾക്കും 2020 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലെ വൈദ്യുതി ഫിക്സഡ് /ഡിമാന്റ് ചാർജ്ജിലെ ഇളവുകൾ 25% ൽ നിന്ന് 50% ആയി ഉയർത്തി നൽകി. തുടർന്ന് 2020 ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ ഇക്കാര്യത്തിൽ 50% ഇളവുകൾ നല്കി. ഇളവ് കഴിച്ച് ബാക്കിയുള്ള തുക അടക്കുന്നതിന് 6 തുല്യമാസ തവണകളും അനുവദിച്ചു. ഏതെങ്കിലും തിയേറ്ററുകൾ ഇക്കാലയള വിലെ വൈദ്യുതി ബില്ലുകൾ ഭാഗീകമായോ പൂർണ്ണമായോ അടച്ചിട്ടുണ്ടെങ്കിൽ അർഹ മായ ഇളവുകൾ തുടർന്നുള്ള ബില്ലുകളിൽ ക്രമപ്പെടുത്തി നല്കുവാനും അനുവദിച്ചിട്ടുണ്ട്. 2021 മെയ് മാസത്തിൽ ഫിക്സഡ് ചാർജ്ജ് 50% ആയി കുറവുചെയ്തു നല്കിയിട്ടുണ്ട്. സിനിമാ തിയേറ്ററുകൾക്ക് 2020-21 കാലയളവിലുള്ള കെട്ടിട നികുതി തദ്ദേശ ഭരണ സ്ഥാപനങ്ങൾ 6 തവണ വ്യവസ്ഥയിൽ 2021 ഏപ്രിൽ മുതൽ സ്വീകരിക്കുവാൻ അനുമതി നല്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിയേറ്ററു കൾക്ക് നൽകിയിരുന്ന ട്രേഡ് ലൈസൻസ് കാലാവധി കണക്കാ ക്കാതെ 2021 മാർച്ച് 31 വരെ പുതുക്കുവാനും അനുവദിച്ചു. |
| (ബി) | തിയേറ്ററുകൾ തുറന്ന് പ്രവർത്തിച്ചാലും ഇല്ലെങ്കിലും ഉടമകൾ വിനോദ നികുതി ഒടുക്കേണ്ടി വരുന്നത് സാമ്പത്തിക പ്രതിസന്ധിമൂലം ദുരിതമനുഭവിക്കുന്ന ഈ മേഖലയിലുള്ളവർക്ക് ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ടെന്ന ആക്ഷേപം | (ബി) | തിയേറ്ററുകൾ അടഞ്ഞുകിടക്കുന്ന സമയത്ത് വിനോദനികുതി ഒടുക്കേണ്ടതില്ല. തിയേറ്ററുകളിൽ വില്പന നടത്തുന്ന ടിക്കറ്റുകൾക്കാണ് വിനോദ നികുതി നൽകിവരുന്നത്. സിനിമാ തിയേറ്ററുകളുടെ 2020 - 2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള വിനോദ |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ മേഖലയിലുള്ളവർക്ക് ആവശ്യമായ ഇളവുകൾ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ; | | നികുതി ഒഴിവാക്കിയിട്ടുണ്ട്. സിനിമാ തീയേറ്റർ മേഖലയിൽ കൂടുതൽ ഇളവുകളും സഹായ പദ്ധതികളും നടപ്പിലാക്കുന്ന കാര്യം സർക്കാർ മുൻഗണന നൽകി പരിഗണിച്ച് വരുന്നുണ്ട്. |
| (സി) | കോവിഡ് പ്രോട്ടോക്കോൾ പ്രകാരം തിയേറ്ററുകൾ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഈ മേഖലയിൽ കൂടുതൽ പ്രതിസന്ധി സൃഷ്ടിക്കുന്നതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | സിനിമാ മേഖലയുടെ വളർച്ചയ്ക്കും തീയേറ്ററുകൾ തുറന്നു പ്രവർത്തിക്കുന്നതിനും സഹായകരമായ നടപടികളാണ് സർക്കാർ സ്വീകരിച്ച് വരുന്നത്. കോവിഡ് പ്രോട്ടോകോളുകളും സുരക്ഷി തത്വമുൻകരുതലുകളും കൃത്യമായി പാലിക്കേണ്ടത് പൊതുജന താൽപര്യ പ്രകാരമുള്ള നടപടിയാണ്. തീയേറ്ററുകളി ലെത്തുന്ന പ്രേക്ഷകർ രണ്ട് വാക്സിനുകൾ സ്വീകരിച്ചിരിക്കണം എന്ന നിബന്ധന ഒരു വാക്സിൻ എന്നായി കുറച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ